ദേശാഭിമാനി 20 May 2017

► സിഎംഎഫ്ആർഐ റിപ്പോർട്ട്

# മത്തി കുറഞ്ഞു, അയല കൂടി

- മൊത്തം മത്സ്യലഭ്യതയിൽ കേരളം നാലാം സ്ഥാനത്ത്
- സംസ്ഥാനത്ത് 8 ശതമാനത്തിന്റെ വർധന
- കേരളത്തിൽ അയല 33 ശതമാനം കുറഞ്ഞു, കൂടുതൽ കിട്ടിയത് തിരിയൻ
- പുള്ളിഅയല കേരളത്തിൽ മാത്രം

• പ്രത്യേക ലേഖകൻ

**കൊച്ചി** > രാജ്യത്താകെയും കേരളത്തിലും സമുദ്ര മത്സ്യലഭ്യതയിൽ നേരിയവർധന ഉണ്ടായപ്പോഴും മത്തിയുടെ അളവ് കുറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം തയ്യാറാക്കിയ 2016ലെ വാർഷിക പഠനറിപ്പോർട്ടിലാണ് ഈ വിവരങ്ങളുള്ളത്. മൊത്തം മത്സ്യലഭ്യതയിൽ കേരളം നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2016ൽ രാജ്യത്ത് ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം അയലയാണ്. പുതിയ മത്സ്യമായ പുള്ളിഅയല കേരളത്തിൽ മാത്രമാണുള്ളത്. ഇന്ത്യയിൽ മൊത്തം മത്സ്യലഭ്യത കഴിഞ്ഞവർഷം 36.3 ലക്ഷം ടണ്ണായിരുന്നു. മുൻവർഷത്തേക്കാൾ 6.6 ശതമാനം വർധന.

1999നുശേഷം ആദ്യമായാണ് ലഭ്യതയിൽ അയല ഒന്നാമതാകുന്നത്. രാജ്യത്താകെ ലഭിച്ചത് 2.49 ലക്ഷം ടണ്ണാണ്. കർണാടകത്തിൽനിന്നാണ് ഏറ്റവും കൂടുതൽ അയല ലഭിച്ചത്. കേരളത്തിൽ മത്തിയോടൊപ്പം അയലയുടെ ലഭ്യതയിലും വലിയ കുറവുണ്ടായി. മുൻവർഷത്തെ അപേക്ഷിച്ച് 2016ൽ മത്തിയുടെ ലഭ്യത 32.8 ശതമാനമാണ് കുറഞ്ഞത്. 2015ൽ കേരളതീരത്ത് 68431 ടൺ മത്തി ലഭിച്ചത് കഴിഞ്ഞ വർഷം 45,958 ടണ്ണായി കുറഞ്ഞു. 2012 മുതൽ മത്തിലഭ്യത തുടർച്ചയായി കുറഞ്ഞുവരികയാണ്. അമിത മത്സ്യബന്ധനവും ചെറുമീനുകളെ വൻതോതിൽ പിടിച്ചതുമാണ് ഇതിനു കാരണമെന്ന് റിപ്പോർട്ട് പുറത്തിറക്കിയ വാർത്താസമ്മേളനത്തിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു.

അയലയുടെ ലഭ്യതയിലും സംസ്ഥാനത്ത് കഴിഞ്ഞവർഷം 33 ശതമാനം കുറവുണ്ടായി. 47253 ടൺ അയലയാണ് കഴിഞ്ഞവർഷം കിട്ടിയത്. കേരളത്തിൽ കഴിഞ്ഞവർഷം കൂടുതൽ കിട്ടിയത് തിരിയൻ മത്സ്യമാണ്. ബംഗാളികളുടെ പ്രിയമത്സ്യമായ ഹിൽസയുടെ ലഭ്യത 16,000 ടണ്ണിൽനിന്ന് 89,000 ടണ്ണായി കുതിച്ചു. ബംഗാളിന്റെ മത്സ്യലഭ്യത ഇരട്ടിയോളമാകാൻ ഇത് കാരണമായി.

പ്രകൃതിക്ഷോഭവും പ്രതികൂല കാലാവസ്ഥയും മത്സ്യബന്ധന ദിനങ്ങൾ കുറച്ചതിനാൽ ആന്ധ്രയിലും ഒഡിഷയിലും ലഭ്യത ഗണ്യമായി കുറഞ്ഞു. കഴിഞ്ഞ വർഷം 5.23 ലക്ഷം ടൺ മത്സ്യമാണ് കേരളതീരത്ത് ലഭിച്ചത്. മുൻവർഷം 4.82 ടണ്ണായിരുന്നു. സിഎംഎഫ്ആർഐ കഴിഞ്ഞ വർഷം കണ്ടെത്തിയ പുള്ളി അയല കേരളത്തിൽ മാത്രമാണ് ലഭിച്ചത്. തെക്കൻകേരളത്തിൽ 1000 ടൺ പുള്ളി അയല കഴിഞ്ഞവർഷം ലഭിച്ചു.

സിഎംഎഫ്ആർഐ ഫിഷറീസ് റിസോഴ്സ് അസസ്മെന്റ് വിഭാഗം മേധാവി ഡോ. ടി വി സത്യാനന്ദൻ കണ്ടെത്തലുകൾ വിശദീകരിച്ചു. വിവിധ ഗവേഷണവിഭാഗം മേധാവികളായ ഡോ. സുനിൽ മുഹമ്മദ്, ഡോ. ജി മഹേശ്വരുഡു, ഡോ. പ്രതിഭ രോഹിത്, ഡോ. പി യു സക്കറിയ, ഡോ. ആർ നാരായണകുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.